പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1673 03-10-2011 -ൽ മറുപടിക്ക്.

## മദ്യനയവും അബ്കാരി നിയമഭേദഗതിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | പുതിയ മദ്യനയത്തിൽ മദ്യാസക്തി കുറച്ചു കൊണ്ടുവരുവാൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ്, 2011-12 -ലെ പുതിയ മദ്യനയം. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനായി, പുതിയ മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 ആയി ഉയർത്തി. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം കുറച്ചു. മദ്യാസക്തിയിൽ നിന്നും മോചിപ്പിക്കുന്നതിനായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കും. ദു:ഖ വെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. മദ്യ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ ഈ വർഷം ചെലവഴിക്കും. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ്ങ് പ്രദർശിപ്പിക്കും. |
| (ബി) | പുതിയ മദ്യനയം നടപ്പിലാക്കുമ്പോൾ നിലവിലുള്ള അബ്കാരി നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (ബി) | ഉണ്ട്. പുതിയ മദ്യനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പുതിയ ബാർ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ചും, ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടും, കള്ള് ഷാപ്പുകളുടെ വില്പന സംബന്ധിച്ചും, മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി വർദ്ധിപ്പിക്കുന്നതിനും, അരിഷ്ടാസവങ്ങൾ വിൽക്കുന്നതിനുള്ള ലൈസൻസ് ഫീസും, നിയമലംഘനത്തിന് ചുമത്തുന്ന ഫൈനും വർദ്ധിപ്പിക്കുന്നതിനുള്ള നിയമ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ആഫീസർ